മനാഫ് കെ.കെ.



ഒരു നൂറ്റാണ്ടുമുമ്പുള്ള മലബാർ മാപ്പിള സ്ത്രീകൾ ബാസൽമിഷൻ സൊസൈറ്റിയുടെ ശേഖരത്തിൽനിന്നുള്ള ചിത്രം

# മലബാറിലെ മുസ്‌ലിം മരുമക്കത്തായം

**കുടുംബം എങ്ങനെയാകണം എന്ന വിഷയത്തിൽ കേന്ദ്രീകരിച്ച് ഒരു പ്രാഗ്‌രൂപം ഇരുപതാം നൂറ്റാണ്ടോടെ മലബാറിൽ രൂപപ്പെട്ടിരുന്നു. ഈ പ്രാഗ്‌രൂപം കുടുംബസമ്പ്രദായങ്ങളെയും സ്നേഹബന്ധങ്ങളെയും വളരെ വിപ്ലവകരമായ രീതിയിലാണ് വിഭാവനം ചെയ്യാൻശ്രമിച്ചത്. മരുമക്കത്തായത്തിലുണ്ടായ മാറ്റങ്ങളെ കൊളോണിയലിസം വിഭാവനംചെയ്ത നവോത്ഥാന ആശയങ്ങളുടെയും, ആംഗ്ലോമുഹമ്മദൻ നിയമത്തിന്റെയും പശ്ചാത്തലത്തിൽ വായിച്ചെടുക്കാം : മലബാറിലെ മുസ്‌ലിം മരുമക്കത്തായ ചരിത്രത്തിലൂടെ ഒരു വായന**

**1910** മുതൽ 1940 വരെയുള്ള കാലഘട്ടത്തിൽ മലബാറിലെ ...

## മാപ്പിളമരുമക്കത്തായവും നിയമപരിഷ്കരണങ്ങളും

## സ്വത്തുവ്യവഹാരങ്ങൾ കോടതിയിൽ

1918-ലെ പിന്തുടർച്ചാവകാശനിയമം

1920-കളോടെ മാപ്പിളമാർ 'വ്യക്തി'കളായി രൂപംകൊണ്ടിരുന്നു. പുരുഷന്മാർ സ്വന്തമായി സ്വത്തുണ്ടാക്കാനും അത് ശരീഅത്ത് നിയമപ്രകാരം കൈമാറാനും തുടങ്ങിയതോടെ കുടുംബങ്ങളുടെ സ്വകാര്യതയിൽനിന്നും ആധുനികത കല്പിച്ചു നല്കിയ പൊതുമണ്ഡലത്തിലേക്ക് അവർ 'പൗരന്മാരായി' പ്രവേശിച്ചു. മാപ്പിളയുവാക്കൾക്ക് തന്റേടമുള്ള വ്യക്തികളാകാൻ കഴിഞ്ഞത് കുടുംബത്തിലെ സ്ത്രീകളുടെ താങ്ങുകൊണ്ടും തറവാട് നല്കിയ സാമ്പത്തികസുരക്ഷകൊണ്ടും ആയിരുന്നുവെന്നതാണ് ചരിത്രം.

മാപ്പിളമരുമക്കത്തായത്തിന്റെ പുനഃസംവിധാനം മലബാറിൽ

# സംസ്കാരപഠനം

[illegible]

### 1939ലെ മാപ്പിള മരുമക്കത്തായ നിയമം

[illegible]

> 1939 മരുമക്കത്തായം ആക്ട് മാപ്പിളസ്ത്രീകളുടെ നിലനില്പിനു തന്നെ ഭീഷണിയാകുമെന്നുവന്നു. സ്ത്രീകൾക്ക് തറവാട്ടിലുണ്ടായിരുന്ന സ്വാതന്ത്ര്യങ്ങളും സുരക്ഷിതത്വവും 1918-ലെ സക്സഷൻ നിയമത്തോടെ തന്നെ ഏതാണ്ട് ഇല്ലാതായിരുന്നു. 1930-കളോടെ സ്ത്രീകളുടെ സുരക്ഷയെക്കുറിച്ചുള്ള ആകുലതകൾ സമൂഹത്തിൽ നിന്നും ഉയർന്നപ്പോഴാണ് മരുമക്കത്തായത്തിലെ മാറ്റങ്ങൾ സ്ത്രീകളെ അന്യവത്കരിച്ചതിനെപ്പറ്റി ആളുകൾ പുറത്തുപറയാൻ തുടങ്ങിയത്.





[illegible]

# സംസ്കാരപഠനം

സ്ത്രീയും കുടുംബവും ആയിരുന്നു സമുദായരൂപീകരണത്തിന്റെ ജയപരാജയങ്ങളെ പ്രതിനിധീകരിച്ചത്. സ്ത്രീകൾ 'സമുദായത്തിന്റെ' പ്രതിനിധിയായപ്പോൾ കുടുംബം സമുദായത്തിന്റെ ചെറുരൂപമായിരുന്നു. മാപ്പിള സ്ത്രീകളുടെ സാമൂഹ്യസ്ഥിതിയിലും ലിംഗവ്യവസ്ഥകൾ നിർണയിക്കുന്ന പ്രത്യയശാസ്ത്രസങ്കേതങ്ങളിലും ഇരുപതാംനൂറ്റാണ്ടോടെ വമ്പിച്ച മാറ്റമുണ്ടായി. സമ്പദ്‌വ്യവസ്ഥയിലും മതമണ്ഡലത്തിലുംവന്ന മാറ്റങ്ങൾ കൊളോണിയൽ ആധുനികത കൊണ്ടുവന്ന മാറ്റങ്ങൾക്കൊപ്പം സ്ത്രീപുരുഷബന്ധങ്ങളെയും പുനർനിർവചിച്ചു.

## സ്ത്രീയും കുടുംബവും മലബാറിലെ ചർച്ചകളിൽ

അച്ചടിയുടെ ആവിർഭാവത്തോടെ സ്ത്രീകളെക്കുറിച്ചുള്ള ചർച്ചകൾ മലബാറിന്റെ പൊതുമണ്ഡലത്തിൽ ധാരാളമായി ഉയർന്നുവന്നു. മക്തി തങ്ങളുടെ ലേഖനങ്ങൾ ഇതിന് ഉദാഹരണമാണ്. എക്സൈസ് ഓഫീസറായി കൊളോണിയൽ സർക്കാരിനെ സേവിച്ചിരുന്ന അദ്ദേഹം ജോലി രാജിവെച്ച് ഇസ്ലാംമതപ്രചാരണത്തിനായി പലയിടങ്ങളിലും പ്രസംഗിക്കുകയും ലേഖനങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുകയും ചെയ്തു. മക്തി തങ്ങൾ തന്റെ ലേഖനങ്ങളിൽ 'നാരി നരാദി ചാരി'യാണെന്നു സ്ഥാപിക്കാൻ ശ്രമിച്ചു. മിഷണറിമലയാളം സംസാരിക്കാനും എഴുതാനും അറിയാത്ത സ്ത്രീകൾ അദ്ദേഹത്തിന് അപരിഷ്കൃതരായ കൂട്ടമായി തോന്നി. സ്ത്രീകളെ നിയന്ത്രിക്കുന്നതിൽ ക്രിസ്തുമതത്തെക്കാളും ഇസ്ലാമാണ് ഒരുപടി മുന്നിൽ എന്നു സമർത്ഥിക്കുകയാണ് മക്തി തന്റെ പല ലേഖനങ്ങളിലും ചെയ്തത്. ഇസ്ലാമിന് പുരുഷകേന്ദ്രീകൃതമായ എഴുത്തുവ്യാഖ്യാനം നല്കിയതിൽ മക്തി തങ്ങൾക്ക് വലിയ പങ്കുണ്ട്. അച്ചടിക്കപ്പെട്ട ലഘുലേഖകളിൽ മരുമക്കത്തായം പോലുള്ള നാട്ടുനടപ്പുകളാണ് സ്ത്രീയുടെ 'അധഃപതിച്ച' സാമൂഹ്യസ്ഥിതിയുടെ മൂലകാരണമെന്ന് അദ്ദേഹം എഴുതി.

മുസ്ലിം സമുദായത്തിന്റെ ഉന്നതിക്ക് ഉപയോഗപ്പെടുന്നവിധം സ്ത്രീകളെ പരിഷ്കരിക്കുകയെന്നത് അക്കാലത്തെ സാമൂഹ്യമതപരിഷ്കർത്താക്കളുടെ പ്രധാന അജണ്ടയായിരുന്നു. കോടതിയുൾപ്പെടുന്ന കൊളോണിയൽ ആധുനികതയുടെ സങ്കേതങ്ങൾ പുരുഷമേധാവിത്വത്തിന്റെ ഭാഷ സംസാരിച്ചു. ഈ ചർച്ചകൾ സ്ത്രീകളുടെ സ്വത്തവകാശത്തെയും കുടുംബപശ്ചാത്തലത്തിലുണ്ടായിരുന്ന മേധാവിത്വത്തെയും ഇല്ലാതാക്കി. 'സ്ത്രീസ്വത്തു' തറവാടുകൾ എന്നറിയപ്പെടുന്ന മാപ്പിളത്തറവാടുകൾക്ക് കോടതിവിധികളിൽ ഉണ്ടായ വിധി ഇതിനുദാഹരണമാണ്.

സ്ത്രീകൾ സ്വത്തിന്റെ നിയന്ത്രണം കൈയാളിയിരുന്ന സ്ത്രീസ്വത്തു തറവാടുകളിൽ കാരണവസ്ത്രീയായിരുന്നു കുടുംബത്തിന്റെ ചുമതലയേറ്റെടുത്തിരുന്നത്. പുരുഷന്മാർക്ക് കേവലം ജീവിതകാലത്ത് സ്വത്ത് അനുഭവിക്കാനുള്ള അവകാശംമാത്രമേ ഉണ്ടായിരുന്നുള്ളൂ. കൊളോണിയൽ കോടതികൾക്ക് സ്ത്രീസ്വത്ത് തറവാട് എന്ന ആശയം അംഗീകരിക്കാനായില്ല.
ഇരുപതാംനൂറ്റാണ്ടിന്റെ മൂന്നാംദശകത്തോടെ സ്ത്രീസ്വത്തുതറവാടുകൾ മുസ്ലിങ്ങൾക്കിടയിൽ ഇല്ലാതായി.

1939 മരുമക്കത്തായം ആക്ട് മാപ്പിളസ്ത്രീകളുടെ നിലനില്പിനു തന്നെ ഭീഷണിയാകുമെന്നുവന്നു. സ്ത്രീകൾക്ക് തറവാട്ടിലുണ്ടായിരുന്ന സ്വാതന്ത്ര്യങ്ങളും സുരക്ഷിതത്വവും 1918-ലെ സക്സഷൻ നിയമത്തോടെ തന്നെ ഏതാണ്ട് ഇല്ലാതായിരുന്നു. 1920-കളിൽ നിയമങ്ങൾ സ്ത്രീകളുടെ ദൈനംദിനജീവിതത്തിൽ ഉണ്ടാക്കിയേക്കാവുന്ന മാറ്റങ്ങളെക്കുറിച്ച് ആരും ചർച്ചചെയ്തില്ല. 1930-കളോടെ സ്ത്രീകളുടെ സുരക്ഷയെക്കുറിച്ചുള്ള ആകുലതകൾ സമൂഹത്തിൽനിന്നും ഉയർന്നപ്പോഴാണ് മരുമക്കത്തായത്തിലെ മാറ്റങ്ങൾ സ്ത്രീകളെ അന്യവത്കരിച്ചതിനെപ്പറ്റി ആളുകൾ പുറത്തുപറയാൻ തുടങ്ങിയത്.

ഇരുപതാംനൂറ്റാണ്ടിന്റെ തുടക്കത്തിലൊക്കെ തറവാടുകളിൽ സ്ത്രീകൾക്ക് വലിയ സ്ഥാനമുണ്ടായിരുന്നു. അവർ സ്വത്തിന് അവകാശികളായിരുന്നു. വിവാഹത്തിനുശേഷം സ്വന്തം ഗൃഹത്തിൽ മക്കളോടൊപ്പം അവർ താമസിച്ചു. മലബാറിലും ലക്ഷദ്വീപിലും മാപ്പിളസ്ത്രീകൾക്ക് വിവാഹസമയത്ത് 'സ്ത്രീധനം' എന്ന പേരിൽ ഭൂമി സമ്മാനമായി നല്കാൻ കാരണവന്മാർക്ക് ബാധ്യസ്ഥതയുണ്ടായിരുന്നു. തറവാട്ടിലെ അംഗങ്ങളുടെ ജീവിതത്തിലെ പ്രധാന ചടങ്ങുകളിലും തറവാടിന്റെ ദൈനംദിന സാമ്പത്തിക ഇടപാടുകളിലും തറവാടുകൾ തമ്മിൽ നടന്നിരുന്ന സമ്മാനങ്ങളുടെ വിതരണത്തിലുമൊക്കെയായി സ്ത്രീകൾ മുഖ്യമായ സ്ഥാനം വഹിച്ചു. കൂടാതെ സ്ത്രീകൾക്ക് പലപ്പോഴും ഭർത്താവിൽനിന്നും സ്വത്ത് ഇഷ്ടദാനമായി ലഭിക്കുകയും അവരത് പുതിയ താവഴികളുണ്ടാക്കാൻ ഉപയോഗപ്പെടുത്തുകയും ചെയ്തു. ഉമ്മമാരായും സഹോദരിമാരായും തറവാട്ടിൽ സ്ത്രീകൾക്ക് അധികാരങ്ങൾ ഉണ്ടായിരുന്നു.

മരുമക്കത്തായം പഴഞ്ചനും അപരിഷ്കൃതവുമാണെന്നും വാദിച്ച സാമൂഹ്യപരിഷ്കർത്താക്കൾ സ്ത്രീകളെ സുരക്ഷിതമായ മരുമക്കത്തായത്തിന്റെ വ്യവസ്ഥയിൽനിന്നും പുരുഷമേധാവിത്വത്തിന്റെ തട്ടകത്തിലേക്ക് പറിച്ചുനടാൻ ശ്രമിക്കുകയാണ് യഥാർത്ഥത്തിൽ ചെയ്തത്.

ഉപസംഹാരമായി പറയേണ്ട കാര്യം മലബാറിലെ മാപ്പിളമാർ കൊളോണിയൽ നിയമവ്യവസ്ഥയുടെയും രാഷ്ട്രീയമാറ്റങ്ങളുടെയും കാലഘട്ടത്തിൽ മരുമക്കത്തായ സമ്പ്രദായത്തെ നിലനിർത്തുന്നതിൽ ഒരുപരിധിവരെ വിജയിച്ചു എന്നതാണ്. നിയമഭേദഗതികളോ കോടതിയിലെ തീരുമാനങ്ങളോ കുടുംബവ്യവസ്ഥയുടെ അടിത്തറയെ പെട്ടെന്നു സ്വാധീനിച്ചില്ല. അതേപോലെ ഗ്രന്ഥങ്ങളെ കേന്ദ്രീകരിച്ചു നടന്ന മതനവീകരണപ്രക്രിയകൾ മുസ്ലിങ്ങളുടെ ദൈനംദിനജീവിതത്തെ വല്ലാതെ ബാധിച്ചില്ല. ഇസ്ലാമിൽതന്നെയുള്ള സാധ്യതകൾ ഉപയോഗിച്ച് കുടുംബവ്യവസ്ഥയും ആചാരങ്ങളും ആധുനികതയുടെ കാലത്ത് പുനർനിർവചിക്കപ്പെട്ടു. എന്നാൽ ഈ സംഭവവികാസങ്ങളുടെ ഭാഗമായുണ്ടായ ഒരു സാമൂഹ്യഫലം സ്ത്രീകളുടെ സാമൂഹ്യസ്ഥാനം പുനർനിർണയിക്കപ്പെട്ടു എന്നതാണ്. 'യഥാർത്ഥ ഇസ്ലാമിനെ' പുല്കാറുള്ള മുറവിളിയിലൂടെ പലപ്പോഴായി പുറത്തുവന്നത് അനന്തിരവന്മാരുടെ സ്വത്തിനുമേലുള്ള താൽപര്യങ്ങളായിരുന്നു എന്ന കാര്യം ഇവിടെ പറയാതെ വയ്യ.

ചില സമ്പ്രദായങ്ങളെ പുനർനിർവചിച്ചും ചിലതിനെ നിലനിർത്തിയും മറ്റു ചില ആചാരങ്ങളെ ഒഴിവാക്കിയും ഒക്കെത്തന്നെയാണ് മുസ്ലിങ്ങൾ മരുമക്കത്തായത്തെ നിലനിർത്തിയത്. നായർമരുമക്കത്തായത്തെ അപേക്ഷിച്ചും മുസ്ലിം മരുമക്കത്തായം ഇന്നും നിലനില്ക്കുന്നത് അതുകൊണ്ടുതന്നെയാണ്. ഇസ്ലാമികകുടുംബമെന്നാൽ പുരുഷകേന്ദ്രീകൃതമായ കുടുംബവ്യവസ്ഥയാണെന്നുള്ള വാർപ്പുമാതൃകകളെ മാപ്പിളസമൂഹം അവഗണിച്ചു. മരുമക്കത്തായത്തിന്റെ നിലനില്പ് കുടുംബമഹിമയെയും നാട്ടുപ്രമാണിത്തത്തെയും മറ്റും ഓർമ്മിപ്പിക്കുകയും നിലനിർത്തുകയും ചെയ്യുന്നുണ്ടെങ്കിൽപോലും കൊളോണിയൽ ആധുനികതയുടെ കാലത്ത് മാപ്പിളമരുമക്കത്തായത്തിനുണ്ടായ മാറ്റങ്ങളുടെ ഒരു സ്ത്രീപക്ഷവായന ഇന്നിന്റെ പോരാട്ടങ്ങൾക്ക് ഊർജ്ജം പകരും എന്നതിൽ സംശയമില്ല.